ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ

14 (*194) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡപകടത്തിൽപ്പെടുന്നവരെ അടിയന്തരമായി ആശുപത്രിയിൽ എത്തിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ച പദ്ധതിമൂലം ഗുണമുണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) അപകടത്തിന് ഇരയായവരെ ആശുപത്രിയിൽ എത്തിച്ചവർക്ക് വാഹനക്കൂലി ഇനത്തിൽ ഇതുവരെ എത്ര രൂപ അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(സി) ഹൈവേകളിൽ അപകടങ്ങൾ കുറയ്ക്കുന്നതിനും സുരക്ഷയ്ക്കുമായി രൂപീകരിച്ച ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ഇതുമൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ ;

(ഡി) കൂടുതൽ ജാഗ്രതാ സമിതികൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ,

(എ) ഗുണമായിട്ടുണ്ട്. മുൻകാലങ്ങളിൽ വാഹനാപകടങ്ങളിൽപ്പെടുന്നവരെ ആശുപത്രിയിൽ എത്തിക്കാൻ പലരും താൽപര്യം പ്രകടിപ്പിച്ചിരുന്നില്ല. എന്നാൽ ഇപ്പോൾ അപകടങ്ങളിൽപ്പെടുന്നവരെ ഉടൻ അടുത്ത ആശുപത്രിയിൽ എത്തിക്കാൻ പൊതുജനം തയ്യാറാകുന്നതിനാൽ നിരവധി ജീവനുകൾ രക്ഷിക്കാൻ കഴിയുന്നുണ്ട്. കൂടാതെ അപകടത്തിൽപ്പെടുന്നവരെ ആശുപത്രിയിൽ എത്തിക്കുന്നതുമൂലം കേസിൽ ഉൾപ്പെടുമോ എന്ന അകാരണമായ ഭയം കുറഞ്ഞ് വരുന്നതായും കാണുന്നു.

(ബി) ഇതിനായി പ്ലാൻ ഫണ്ട് 2010-11-ൽ ഉൾപ്പെടുത്തി സർക്കാർ 11 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്ന് 31-1-2011 വരെ 8,55,400 രൂപ വിനിയോഗിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ഇത്തരം ജാഗ്രതാ സമിതികൾ ഹൈവേകളിൽ അപകടങ്ങൾ കുറച്ചുകൊണ്ടു വരുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും, അപകടങ്ങൾ നടക്കുമ്പോൾ അടിയന്തര രക്ഷാപ്രവർത്തനം നടത്തുകയും ചെയ്തുവരുന്നു. ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി റോഡപകട നിരക്കിൽ കുറവുണ്ടായിട്ടുണ്ട്. ജാഗ്രതാ സമിതികളുടെ പ്രവർത്തന നേൽനോട്ടം അതാത് ഇൻസ്പെക്ടർമാരിൽ നിക്ഷിപ്തമാണ്.

(ഡി) 2011-12 സാമ്പത്തിക വർഷത്തിൽ 50 പുതിയ കേന്ദ്രങ്ങളിൽ കൂടി ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ വകുപ്പുതല പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly